# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 സെപ്തംബർ 28

# വാർത്താക്കുറിപ്പ്

## അപേക്ഷാ തീയതി

നാലാം സെമസ്റ്റർ ബി.വോക്ക് (2019 അഡ്മിഷൻ - റഗുലർ - പുതിയ സ്കീം) പരീക്ഷക്ക് പിഴയില്ലാതെ ഒക്ടോബർ അഞ്ച്, ആറ് തിയതികളിലും, 525 രൂപ പിഴയോടെ ഒക്ടോബർ ഏഴിനും 1050 രൂപ സൂപ്പർ ഫൈനോടെ ഒക്ടോബർ എട്ടിനും അപേക്ഷിക്കാം.

.

(പി.ആർ.ഒ/39/973/2021)

## സംവരണം

സർക്കാർ ചിൽഡ്രൻ ഹോമിലേയും ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലേയും കുട്ടികൾക്ക് ബിരുദ പ്രവേശനത്തിന് മഹാത്മാഗാന്ധി സർവ്വകലാശാലക്ക് കീഴിലുള്ള ഓരോ കോളജുകളിലും ഓരോ സീറ്റ് വീതം അനുവദിച്ചു.

(പി.ആർ.ഒ/39/974/2021)

## അന്തിമ പട്ടിക

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റുഡൻ്റ്സ് കൗൺസിൽ, സെനറ്റിലെ വിദ്യാർത്ഥി പ്രതിനിധികളുടെ മണ്ഡലം എന്നിവയിലേക്ക് മത്സരിക്കുന്നവരുടെ അന്തിമ പട്ടിക പ്രസിദ്ധീകരിച്ചു. സ്റ്റുഡൻ്റ് കൗൺസിലിലേയ്ക്ക് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മണ്ഡലത്തിൽ നിന്നും രണ്ട് വിദ്യാർത്ഥികൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരങ്ങൾ സർവ്വകലാശാല ഓഫീസിലും വെബ് സൈറ്റിലും ലഭിക്കും.

(പി.ആർ.ഒ/39/975/2021)

## മാറ്റിവച്ച പരീക്ഷകൾ

മഹാത്മാഗാന്ധി സർവ്വകലാശാല സെപ്തംബർ 27ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ സി.ബി സി എസ് എസ് ബിരുദ പരീക്ഷകൾ ( 2013 - 2016 അഡ്മിഷൻ - റീ അപ്പിയറൻസ് ), ഒന്നാം വർഷ എം.എസ്.സി മെഡിക്കൽ മൈക്രോബയോളജി (2016 മുതലുള്ള അഡ്മിഷൻ - റഗുലർ/ സപ്ലിമെൻറി) പരീക്ഷ, രണ്ടാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി (2016 മുതലുള്ള അസ്മിഷൻ - റഗുലർ/സപ്ലിമെൻ്ററി) പരീക്ഷ എന്നിവ ഇന്നും (സെപ്തംബർ 29 ) എട്ടാം സെമസ്റ്റർ ബി.ടെക് - സി.പി.എ.എസ് (2017 അഡ്മിഷൻ - റഗുലർ/ 2017 ന് മുൻപുള്ള അഡ്മിഷൻ - സപ്ലിമെൻ്ററി) പരീക്ഷ ഒക്ടോബർ 4 നും രണ്ടാം സെമസ്റ്റർ എം.ടെക് (അദാലത്ത് സ്പെഷ്യൽ മേഴ്സി ചാൻസ്)പരീക്ഷ ഒക്ടോബർ 11 നും മൂന്നാം സെമസ്റ്റർ ബി.എ./ബി.കോം - സി.ബി.സി.എസ്.എസ് (2017 ന മുൻപുള്ള അഡ്മിഷൻ - സപ്ലിമെൻ്ററി, 2012, 2013 അഡ്മിഷൻ - മേഴ്സി ചാൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ ഒക്ടോബർ 27 നും നടക്കും. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ. പരീക്ഷാ കേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

(പി.ആർ.ഒ/39/976/2021)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എം.എസ്. ഡബ്ല്യു (2019 അഡ്മിഷൻ - റഗുലർ , 2016, 2017, 2018 അഡ്മിഷൻ - സപ്ലിമെൻ്ററി/ 2013, 2014, 2015 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ

മൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കു മുള്ള അപേക്ഷകൾ ഒക്ടോബർ 13 വരെ സമർപ്പിക്കാം. പുനർമൂല്യനിർണയത്തിന് 370 രൂപയും സൂക്ഷ്മ പരിശോധനക്ക് 160 രൂപയും ഫീസടയ്ക്കണം. കൂടുതൽ വിവരങ്ങൾ സർവ്വകലശാല വെബ്സൈറ്റിലെ സ്റ്റുഡൻറ് പോർട്ടലിൽ.

.

(പി.ആർ.ഒ/39/977/2021)

## എസ്.പി.സി. - 15 മാർക്ക് വെയ്റ്റേജ്

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻ്റ് സയൻസ് കോളജുകളിൽ ആദ്യ സെമസ്റ്റർ ബിരുദ പ്രവേശനത്തിനുള്ള അപേക്ഷകരിൽ നിശ്ചിത യോഗ്യതയുള്ള സ്റ്റുഡൻറ് പോലീസ് കേഡറ്റുകൾക്ക് 15 മാർക്കിൻ്റെ വെയ്റ്റേജ് അനുവദിച്ചു കൊണ്ട് വൈസ് -ചാൻസലർ ഉത്തരവായി. ഇതോടെ എൻ. എസ്. എസ്. , എൻ. സി.സി വിദ്യാർത്ഥികൾക്ക് ലഭിച്ചു വരുന്ന ആനുകൂല്യം സ്റ്റുഡൻറ് പോലീസ് കേഡറ്റുകൾക്കും ലഭിക്കും.

(പി.ആർ.ഒ/39/978/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ